പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3058

28.1.2014- ൽ
മറുപടിക്ക്

# കയർ വ്യവസായ രംഗത്തെ നവീന ആശയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ വ്യവസായ രംഗത്തെ നവീന ആശയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് കയർഫെഡ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ; | (എ): വ്യവസായ രംഗത്തെ നവീന ആശയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കയർഫെഡ് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പി.വി.സി. ടഫ്റ്റഡ് മാറ്റുകൾ ഉത്പാദിപ്പിക്കുകയും ഉപോൽപ്പന്നമായ ചകിരി ച്ചോറിൽനിന്നും സോയിൽ ക ണ്ടീഷണർ, പിത്ത് ബ്രിക്കറ്റ് എ ന്നിവ നിർമ്മിച്ച് വിപണനം നടത്തി വരിക യുമാണ്. കൂടാതെ ചകിരി ഉൾപ്പെടെയുള്ള പ്രകൃതിദത്ത നാരുകൾ ഉപയോഗിച്ച് വൈവിദ്ധ്യമാർന്ന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയും കയർഫെഡ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ചകിരിച്ചോറിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി ഏതെല്ലാം കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്; ഇതിനായി ഏതെല്ലാം പ്രദേശങ്ങളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത് ? | ബി) ചകിരിച്ചോറിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി കയർഫെഡ് കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ